ഉത്തരം

(എ) 28,19,344 കുട്ടികൾക്ക് നൽകി വരുന്നുണ്ട്.

(ബി) വയനാട്, ഇടുക്കി ജില്ലകളിലും റാന്നി താലൂക്കിലും 16-1-2006 മുതൽ 1 രൂപ 65 പൈസയും സംസ്ഥാനത്തെ മറ്റെല്ലാ പ്രദേശങ്ങളിലും 1 രൂപ 60 പൈസയും വിലയായി നിശ്ചയിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാലാകാലം വില പുതുക്കി നിശ്ചയിക്കുന്നതിന് ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്.

വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ ഒരു മുട്ട എന്ന പദ്ധതി നടപ്പാക്കാൻ വൈമനസ്യം കാട്ടുന്നവർക്കെതിരെ നടപടി

39 [1140] ശ്രീ. എ. കെ. മണി :

,, എം. മുരളി :

,, സി. പി. മുഹമ്മദ് :

ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ ഒരു മുട്ട കൊടുക്കുന്ന പദ്ധതി നടപ്പാക്കാൻ വൈമനസ്യം കാട്ടുകയോ മനഃപൂർവ്വം കൊടുക്കാതിരിക്കുകയോ ചെയ്യുന്ന ഏതെങ്കിലും സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇക്കാര്യം എം.എൽ.എ.-മാർ ഏതെല്ലാം ജില്ലാ കളക്ടർമാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് ;

(ഡി) അതു സംബന്ധിച്ച് ജില്ലാ കളക്ടർമാർ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

ഉച്ചക്കഞ്ഞിയിൽ വിഷബാധ സംബന്ധിച്ച അന്വേഷണം

40 [1141] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 3-2-2006-ൽ തിരുവനന്തപുരത്തെ കോട്ടൺഹിൽ, മണക്കാട് സ്കൂളുകളിൽ ഉച്ചക്കഞ്ഞി കഴിച്ച് വിഷബാധയേറ്റതു കാരണം എത്ര കുട്ടികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട് ;

(ബി) ഇത് സംബന്ധിച്ച് ഗവൺമെന്റ് അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അന്വേഷണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 153 കുട്ടികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലാ കളക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരുന്നു.

സംസ്ഥാനത്തെ സ്കൂളുകളുടെ എണ്ണം

41 [1142] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ജൂണിൽ സംസ്ഥാനത്ത് അൺഎയ്ഡഡ് മേഖലയിൽ എത്ര അംഗീകൃത സ്കൂളുകൾ ഉണ്ടായിരുന്നു ; ഇതിൽ ഹയർ സെക്കന്ററി, സെക്കന്ററി, യു.പി., എൽ.പി. വിഭാഗത്തിൽപ്പെട്ട സ്കൂളുകളുടെ എണ്ണം തരം തിരിച്ചും ജില്ല തിരിച്ചും വ്യക്തമാക്കാമോ ;

(ബി) 2006 ജനുവരി ആയപ്പോഴേക്കും സംസ്ഥാനത്ത് അൺ എയ്ഡഡ് മേഖലയിൽ എത്ര അംഗീകൃത സ്കൂളുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ; ഇതിൽ ഹയർ സെക്കന്ററി, സെക്കന്ററി, യു.പി., എൽ.പി. വിഭാഗത്തിൽപ്പെട്ടവയുടെ എണ്ണം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) ഈ കാലയളവിൽ ഏതെങ്കിലും പൊതുവിദ്യാലയങ്ങൾ അടച്ചു പൂട്ടിയിട്ടുണ്ടോ ; എങ്കിൽ അവയുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് അൺഎയ്ഡഡ് മേഖലയിൽ ഉള്ള അംഗീകൃത സ്കൂളുകളുടെ എണ്ണം തരം തിരിച്ചും ജില്ല തിരിച്ചും പട്ടികയായി ചുവടെ ചേർക്കുന്നു :

| | ജില്ല | ഹയർ സെക്കന്ററി | സെക്കന്ററി | യു.പി. | എൽ.പി. |
|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 1 | 27 | 15 | 14 |
| 2. | കൊല്ലം | .. | 10 | 7 | 17 |
| 3. | പത്തനംതിട്ട | .. | 7 | 14 | 13 |
| 4. | ആലപ്പുഴ | .. | 7 | 2 | 13 |
| 5. | കോട്ടയം | .. | 16 | 8 | 21 |
| 6. | ഇടുക്കി | .. | 10 | 3 | 5 |
| 7. | എറണാകുളം | .. | 34 | 13 | 23 |
| 8. | തൃശ്ശൂർ | 1 | 21 | 6 | 10 |
| 9. | പാലക്കാട് | .. | 16 | 13 | 10 |
| 10. | മലപ്പുറം | 6 | 30 | 14 | 8 |
| 11. | കോഴിക്കോട് | .. | 17 | 11 | 6 |
| 12. | വയനാട് | .. | 4 | 3 | 5 |
| 13. | കണ്ണൂർ | .. | 10 | 12 | 5 |
| 14. | കാസറഗോഡ് | .. | 8 | 4 | 8 |
| | ആകെ | 8 | 217 | 125 | 158 |

LIBRARY ARCHIVES Kerala Legislative Assembly